പഞ്ചായത്തു സ്കൂളുകളിലെ നിയമനം

83 (3171)ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.ക്ക് വിട്ടതിനുശേഷം പഞ്ചായത്തു സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടന്നിട്ടുണ്ടോ;

(ബി) പഞ്ചായത്തു സ്കൂളുകളിലെല്ലാം കൂടി ഇപ്പോൾ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ട്;

(സി) അദ്ധ്യാപക നിയമനം യഥാസമയം നടത്തുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അദ്ധ്യാപക നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് കെ.ഇ.ആറിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന താൽക്കാലിക നിയമനം നടത്തിവരുന്നു.

കോട്ടയം ജില്ലാ പഞ്ചായത്ത്

84 (3172) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലാ പഞ്ചായത്തിനെ പിരിച്ചുവിടണമെന്ന ആവശ്യം ഉയർന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നടപ്പു സാമ്പത്തികവർഷം പദ്ധതിവിഹിതത്തിൽ തുക ഒന്നും ചെലവാക്കാത്ത പഞ്ചായത്താണ് കോട്ടയം ജില്ലാ പഞ്ചായത്തെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം സംഭവിക്കാനുള്ള കാരണത്തെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി)-(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly